(ബി) കെംഡെല്ലിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലുള്ള മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽ നിന്നും ഏകദേശം 30 കോടി രൂപയുടെ മണൽ സംഭരിച്ചിട്ടുണ്ട്. ഇതിൽ 12,35,00,000 രൂപ യുടെ മണൽ വിതരണം നടത്തിയിട്ടുണ്ട്. അരുവിക്കര ഡാമിൽ നിന്നും ശേഖരിച്ച മണൽ വിറ്റ വകയിൽ 2,83,735.18 രൂപ (നികുതിയുൾപ്പെടെ) ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

കാട്ടാമ്പള്ളിയിലെ തടയണ നിർമ്മാണം

50 (2148) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ മുനിസിപ്പാലിറ്റിയിലേക്ക് ജലം കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട ചപ്പാരപ്പടവിലെ ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം കണക്കിലെടുത്ത് കാട്ടാമ്പള്ളിയിൽ ഓട്ടോറിക്ഷ പാതയോടുകൂടി തടയണ നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നോ ;

(ബി) എങ്കിൽ ഇതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(സി) ഇത് സംബന്ധിച്ചുണ്ടായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മന്ത്രിതലയോഗം ചേർന്നിരുന്നോ ;

(ഡി) എങ്കിൽ ആയതിലുണ്ടായ തീരുമാനം നടപ്പിലാക്കുന്നതിനാരെയാണ് ചുമതലപ്പെടുത്തിയിരുന്നത് ;

(ഇ) ചുമതലപ്പെടുത്തിയവർ ഉത്തരവാദിത്വം നിർവ്വഹിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാട്ടാമ്പള്ളിയിൽ നടപ്പാതയോടു കൂടിയ തടയണ നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നു.

(ബി) സോയിൽ ഇൻവെസ്റ്റിഗേഷനും ലാൻഡ് അക്വസിഷനുമായി 27 ലക്ഷം രൂപയുടെ ഭരണാനുമതി 3-11-2010-ലെ ജി.ഒ. (ആർ.ടി) നമ്പർ 1266/2010/WRD പ്രകാരം നൽകിയിട്ടുണ്ട്.

(സി) ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നിരുന്നു.

(ഡി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയറെ (ഇറിഗേഷൻ) ചുമതലപ്പെടുത്തിയിരുന്നു.

(ഇ) ഇതിന്റെ വിശദമായ പഠനവേഷണ ജോലികൾ നടന്നുവരുന്നു. ഇത് പൂർത്തിയായാലുടൻ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly